വഖഫ് അന്വേഷണ കമ്മീഷന്റെ പ്രവർത്തന ചെലവ്

161 (6079) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വഖഫ് അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് എത്ര രൂപയുടെ ചെലവ് വന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് ആവശ്യമായ ഫണ്ട് വഖഫ് ബോർഡിൽ നിന്നാണോ ചെലവഴിച്ചത് ; അതോ സർക്കാർ പ്രത്യേക ധനസഹായമായി അനുവദിക്കുകയാണോ ചെയ്തതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് ഇതിനകം 8,21,645.26 രൂപ ചെലവ് വന്നിട്ടുണ്ട്.

(ബി) 24-10-2008 ലെ G.O.(Rt) No.3329/08/RD നമ്പർ ഉത്തരവ് മുഖേന വഖഫ് എൻക്വയറി കമ്മീഷന്റെ ഭരണ ചെലവുകൾ സംസ്ഥാന ഖജനാവിൽ നിന്നും വഹിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 5-12-2008 ലെ G.O.(Rt) No.3873/08/RD നമ്പർ ഉത്തരവ് പ്രകാരം 10,00,000 രൂപ പ്രത്യേക ധനസഹായമായി അനുവദിക്കുകയും ചെയ്തു.

വഖഫ് ബോർഡ് അംഗങ്ങൾ

162 (6080) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വഖഫ് ബോർഡിൽ ആകെ എത്ര അംഗങ്ങളുണ്ട് ; ആരൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർ ആരൊക്കെ ; അവർ ഏതൊക്കെ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു എന്നു വ്യക്തമാക്കുമോ ;

(സി) നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ ആരൊക്കെയെന്നും അവർ ഏത് മത സംഘടനകളുമായാണ് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വഖഫ് ബോർഡിൽ ആകെ 11 അംഗങ്ങളുണ്ട്.

1. Sri. K. E. Ismail, Member of Parliament.
2. Sri. K. V.Abdul Khader, MLA.
3. Sri. M. Ummer, MLA.

LIBRARY ARCHIVES Kerala Legislative Assembly